DESPATCHED
On... 05/06/2020

19/03/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## A.P.1825(1)/2018/SIC തീർപ്പു കല്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 8555/SIC-G4/2018

## സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. ടി.പി. നൗഷാദ്
തോട്ടോൻ ഹൗസ്
കീരിയാട് പി.ഒ., ചിറക്കൽ - 670011
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
പൊതുമരാമത്ത് വകുപ്പ്, നിരത്തുകളും പാലങ്ങളും വിഭാഗം
കണ്ണൂർ - 670002
2. അപ്പീൽ അധികാരി &
എക്സിക്യൂട്ടീവ് എഞ്ചിനീയർ
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
പൊതുമരാമത്ത് വകുപ്പ്, നിരത്തുകളും പാലങ്ങളും വിഭാഗം
കണ്ണൂർ - 670002
} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. ശശി കെ.വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്, സമയബന്ധിതമായി ഹർജിക്കാരനു വിവരം നൽകുന്നതിൽ വീഴ്ചയുണ്ടായതായി മനസ്സിലാക്കുന്നു എന്നും ആയതു മനഃപൂർവ്വമല്ലാതെ യാദൃശ്ചികമായി സംഭവിച്ചതാണെന്നും ഇക്കാര്യത്തിൽ ഹർജിക്കാരനെ ബുദ്ധിമുട്ടിക്കണമെന്ന യാതൊരു ഉദ്ദേശ്യവും ഇല്ലായിരുന്നു എന്നും മറ്റുമാണ്.

2. ടി വിശദീകരണം വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. എന്നിരുന്നാലും ടി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ബോധിപ്പിച്ച വസ്തുതകൾ കമ്മീഷൻ അനുഭാവപൂർവ്വം കണക്കിലെടുക്കുന്നു. എല്ലാ വസ്തുതകളും പരിഗണിച്ച് ടി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ ശിക്ഷിക്കുവാനും ശിക്ഷയായി 3,000/- രൂപ (മൂവായിരം രൂപ മാത്രം) ടിയാനിൽ നിന്നും പിഴയായി ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു.

3. ഈ ഉത്തരവ് കിട്ടി 30 ദിവസങ്ങൾക്കകം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. ശശി കെ.വി. 3,000/- രൂപ (മൂവായിരം രൂപ മാത്രം)

(മറുപുറം)

sh

"0070-60-118-99 Receipts Under Right to Information Act. 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൾ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാന്റെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഈ ഉത്തരവ് ഇന്നേ ദിവസം 2020 മാർച്ച് മാസം 19-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**വിൻസൻ എം. പോൾ**
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

sh